പാഠപുസ്തകങ്ങളുടെ ഡിജിറ്റൈസേഷന് സ്വീകരിച്ച നടപടി

90 (1126) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയന വർഷം മുതൽ പാഠപുസ്തകങ്ങൾ ഡിജിറ്റലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പാഠപുസ്തകങ്ങൾ ഡിജിലൈസ് ചെയ്യുന്നതിനോടനുബന്ധിച്ച് ക്ലാസ് മുറികളിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തെല്ലാമാണ് ; ഇത് വിദ്യാർത്ഥികൾക്ക് എത്രമാത്രം പ്രയോജനം ചെയ്യുമെന്ന വിശദമാക്കുമോ ?

ഉത്തരം

(എ) വിദ്യാഭ്യാസ വകുപ്പ് സ്കൂളുകൾക്ക് ലഭ്യമാക്കുന്ന പാഠപുസ്തകങ്ങളുടെ ഡിജിറ്റൽ കോപ്പി (PDF format) എസ്.സി.ഇ.ആർ.ടി.-യുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പാഠപുസ്തകങ്ങളുടെ ഉള്ളടക്കം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനം എസ്.സി.ഇ.ആർ.ടി.-യുടെ നിർദ്ദേശാനുസരണവും സി.ഡിറ്റ്-ന്റെ സാങ്കേതിക സഹായത്തോടെയും ഐടി@സ്കൂൾ പ്രോജക്ട് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആദ്യഘട്ടമായി പത്താം ക്ലാസിലെ ഗണിതം, ഭൗതികശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം എന്നീ പാഠപുസ്തകങ്ങൾ ഡിജിറ്റലൈസ് ചെയ്തുകൊണ്ടിരിക്കുകയാണ്. അടുത്ത അദ്ധ്യയന വർഷം ഇത് സ്കൂളുകൾക്ക് ലഭ്യമാക്കാവുന്നതാണ്.

(ബി) ഡിജിറ്റലൈസ് ചെയ്ത പാഠപുസ്തകങ്ങൾ ഫലപ്രദമായി ക്ലാസ് മുറികളിൽ വിനിമയം ചെയ്യുന്നതിന് ഓരോ ക്ലാസ് മുറിയിലും നിശ്ചിത പാഠഭാഗങ്ങളുടെ ഉള്ളടക്കം വിദ്യാർത്ഥികൾക്ക് അനുഭവവേദ്യമാക്കേണ്ടതുണ്ട്. ഏറ്റവും കുറഞ്ഞത് ഓരോ ക്ലാസിലും മൾട്ടിമീഡിയ പ്രൊജക്ടറും ലാപ്ടോപ്പ്/ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറും ഇതിനായി ലഭ്യമാക്കേണ്ടതുണ്ട്. പാഠഭാഗങ്ങളിലെ സങ്കീർണ്ണമായ ഉള്ളടക്കങ്ങൾ ലളിതവും ആയാസരഹിതവുമായ രീതിയിൽ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് പാഠഭാഗങ്ങൾ ഡിജിറ്റലൈസ് ചെയ്തിരിക്കുന്നത്. ഇത് വിദ്യാർത്ഥികളുടെ പഠനപ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായകമാകും എന്നാണ് കരുതുന്നത്.

LIBRARY ARCHIVES Kerala Legislative Assembly